**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയെ ഫലപ്രദമാക്കാൻ പ്രത്യേക മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ടോ; പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് 13/09/2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം.885/2023/കൃഷി പ്രകാരം **"പോഷക സമൃദ്ധി മിഷൻ"** രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള ജനതയുടെ ആരോഗ്യം സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുമാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.<br><br>പോഷക സമൃദ്ധവും, സുരക്ഷിതമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ മിഷൻ നടപ്പിലാക്കുന്നതാണ്. സമീകൃത ഭക്ഷണക്രമത്തിൽ ഉൾപ്പെടേണ്ട വിളകളെ /ഘടകങ്ങളെ കാർഷിക പാരിസ്ഥിതിക മേഖലാടിസ്ഥാനത്തിൽ നിശ്ചയിച്ച് പോഷക തളികകൾ രൂപകല്പന ചെയ്ത് ആയതിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിളകൾ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന |

വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

ഇതിനുപുറമേ മേൽപ്പറഞ്ഞ വിളകളുടെ പ്രദേശിക തലത്തിലുള്ള ലഭ്യത ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാതലങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്.

മിഷന്റെ താഴെ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങളും പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പാക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി മിഷൻ പ്രവർത്തനനിരതമാക്കാൻ ഉദ്ദേശിക്കുന്നു.

- പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ചെറുധാന്യങ്ങൾ/ പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നു
- പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നു.
- പോഷക പ്രാധാന്യമുള്ള ചെറു ധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉത്പാദനവും, ഉപയോഗവും വ്യാപകമാക്കുന്നു.
- പയറുവർഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികക്കനുസൃതമായി വർധിപ്പിക്കുന്നു.
- കൂൺ കൃഷിയും കൂൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.
- പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിത ശൈലീ രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.
- ഉല്പ്പാദനം വിപണനം മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നു

മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉല്പാദനത്തോടൊപ്പം അവയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, സുരക്ഷിതത്വവും ഉറപ്പ വരുത്തുന്നതാണ്. ഇതിനായി ഉത്തമ കാർഷിക മുറകൾ (Good Agriculture practices), നാച്ചുറൽ ഫാമിംഗ്, ജൈവകൃഷി എന്നീ മാർഗ്ഗങ്ങൾ അവലംബിക്കു ന്നതാണ്. കൂടാതെ കൃഷിയിടങ്ങൾ, സംഭരണ വിതരണ കേന്ദ്രങ്ങൾ, വിപണികൾ എന്നിവിടങ്ങളിൽ നിന്നും വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച്

| | | | |
|---|---|---|---|
| | | | കീടനാശിനിയുടെ അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നു.<br><br>**<u>കർഷകരുടെ വരുമാന വർദ്ധനവ്</u>**<br><br>സുരക്ഷിതവും, പോഷക പ്രധാനവുമായ ഭക്ഷണങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് ഉത്പാദനം, വിപണനം, മൂല്യ വർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് സഹായകമാകും. |
| (ബി) | പ്രസ്തുത മിഷന്റെ ഭാഗമായി ചെറുധാന്യങ്ങളുടെ കൃഷി, അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കൽ എന്നിവയുടെ പ്രോത്സാഹനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; ഇതിലൂടെ എന്തെല്ലാം മാറ്റങ്ങൾ ലക്ഷ്യമാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പോഷക സമൃദ്ധി മിഷന്റെ ഭാഗമായി ചെറുധാന്യ കൃഷി, അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കൽ തുടങ്ങിയവയുടെ സാങ്കേതിക വിദ്യകൾ പങ്കുവയ്ക്കുന്നതിന് ഹൈദ്രാബാദ് ആസ്ഥാനമായ ICAR സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റീസർച്ചുമായി കൃഷി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാ കൈമാറ്റത്തിലൂടെ ചെറുധാന്യങ്ങളുടെ ഉല്പ്പാദനം, സംസ്കരണം മൂല്യവർദ്ധനവ് വിപണനം എന്നിവ ശാസ്ത്രീയ രീതിയിൽ മെച്ചപ്പെടുത്തുന്നതാണ്. ചെറുധാന്യ കൃഷി വികസനത്തിനായുള്ള വിവിധ പദ്ധതികൾ പോഷക സമൃദ്ധി മിഷന്റെ കുടക്കീഴിൽ നടപ്പിലാക്കി വരുന്നു.<br><br>വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം എന്ന പദ്ധതിയിൽ റാഗി, ചാമ, തിന, വരഗ്, പനിവരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി എന്നീ ചെറുധാന്യങ്ങളുടെ വിസ്തൃതി വികസനത്തിനായി 425 ഹെക്ടറിലേക്ക് 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ചെറുധാന്യങ്ങളുടെ 225 മെട്രിക് ടൺ അധിക ഉത്പാദനം ലക്ഷ്യമിടുന്നു. ഇതേ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ഏക്കർ വിസ്തൃതിയുള്ള 152 മുൻനിര പ്രദർശന തോട്ടങ്ങൾ ഒന്നിന് 25000/- രൂപ വീതം, ആനുകൂല്യം നൽകി നടപ്പിലാക്കുന്നു.<br><br>കൂടാതെ വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും പദ്ധതിയിൽപ്പെടുത്തി ഒരു ചെറുധാന്യ സംസ്കരണ യൂണിറ്റ് 50 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്നതാണ്. കൂടാതെ കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളും അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും, കേരളാഗ്രോ ബ്രാൻറിന് കീഴിൽ വിവിധ ഓൺ ലൈൻ/ഓഫ് ലൈൻ പ്ലാറ്റ് ഫോമുകളിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതാണ്. |

RKVY പദ്ധതിയിലൂടെ ചെറുധാന്യകൃഷിയുടെ വിസ്തൃതി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി റാഗി, ചാമ, തിന, വരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി, പനിവരഗ് എന്നിവയുടെ കൃഷി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം 3500 ഹെക്ടർ സ്ഥലത്ത് (ഒരു ഹെക്ടറിന് 20,000 രൂപ നിരക്കിൽ) ചെറുധാന്യ കൃഷി വ്യാപിപ്പിക്കുന്നതിനായി 700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആദ്യഘട്ടത്തിൽ 940 ഹെക്ടർ സ്ഥലത്തേയ്ക്കായി 185 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചെറുകിട മില്ലറ്റ് സംസ്കരണ യൂണിറ്റുകൾ 6 എണ്ണം തുടങ്ങുന്നതിനായി (ഒരു യൂണിറ്റിന് 20 ലക്ഷം രൂപ നിരക്കിൽ) 120 ലക്ഷം രൂപയും, മില്ലറ്റ് കഫേകൾ 14 എണ്ണം തുടങ്ങുന്നതിന് (ഒരു യൂണിറ്റിന് 5 ലക്ഷം രൂപ നിരക്കിൽ) 70 ലക്ഷം രൂപയും ടി പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസി കർഷകരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-യുടെ ധനസഹായത്തോടെ നടപ്പിലാക്കിയ **അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി** മിഷന്റെ ഭാഗമായി വരും വർഷങ്ങളിലും തുടരുന്നതാണ്.

അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസ്സോസ്സിയേഷൻ ഫോർ മില്ലറ്റ്സ് (ATFAM) എന്ന പേരിൽ ആദിവാസി കർഷരുടെ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിക്കുകയും കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലവിൽ 152 കർഷകർക്ക് ഈ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനിൽ അംഗത്വം ഉണ്ട്.

മുൻകൂട്ടി ആസൂത്രണം ചെയ്ത വിവിധ പദ്ധതികളിലൂടെ കാർഷിക, ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും വിവിധ സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സാധിക്കും. ക്യാമ്പയിൻ മാതൃകയിലുള്ള പ്രവർത്തനത്തിലൂടെ സമീകൃതാഹാരത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും മിഷനിലൂടെ സാധ്യമാക്കും.

| | | | |
|---|---|---|---|
| | | | കാർഷിക മേഖലയെ ആധാരമാക്കി പ്രാദേശിക സാമ്പത്തിക വികസനം ആസൂത്രണം ചെയ്യുന്നതിലൂടെ കർഷകരുടെ വരുമാനം വർദ്ധിക്കുകയും പ്രാദേശിക വികസനം സാധ്യമാകുകയും ചെയ്യുന്നതാണ്.<br><br>കാർഷിക പാരിസ്ഥിതിക മേഖലാടിസ്ഥാനത്തിൽ പഴം/പച്ചക്കറി/ ചെറുധാന്യങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിലൂടെ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ശുപാർശ പ്രകാരമുള്ള പോഷക ഭക്ഷണം കുടുംബങ്ങളിൽ എത്തിക്കുന്നതിന് കഴിയുന്നു. |

സെക്ഷൻ ഓഫീസർ